Lalith Babu

# വിവരാവകാശ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഓഫീസിൽ ഒരു നടപടി സ്വീകരിയ്ക്കാൻ വിവരാവകാശ നിയമത്തിൽ വ്യവസ്ഥയില്ല

4. അപേക്ഷ സമർപ്പിക്കുന്ന സമയം ഒരു പൊതു അധികാരിയുടെ ഓഫീസിൽ ലഭ്യമായ വിവരം ലഭിക്കുക എന്നതാണ് വിവരാവകാശ നിയമം ജനങ്ങൾക്ക് നൽകുന്ന അവകാശം. അപേക്ഷയുടെ അടിസ്ഥാനത്തിൽ നടപടികൾ കൈകൊണ്ട് അപേക്ഷകന്റെ പരാതി തീർപ്പാക്കുവാൻ വിവരാവകാശ നിയമത്തിൽ വ്യവസ്ഥയില്ലാത്തതാണ്. ഇവിടെ, പരാതിക്കാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കുന്ന സമയം എതൃകക്ഷിയുടെ ഓഫീസിൽ ലഭ്യമായ വിവരം നൽകുകയായിരുന്നു എതൃകക്ഷി ചെയ്യേണ്ടിയിരുന്നത്. അപേക്ഷയുടെ അടിസ്ഥാനത്തിൽ സർവ്വീസ് റെഗുലറൈസ് ചെയ്യുകയും കുടിശ്ശികയും അവസാന ശമ്പളവും കണക്കാക്കുകയും ചെയ്യാൻ വിവരാവകാശ നിയമപ്രകാരം എതൃകക്ഷിക്ക് ബാദ്ധ്യതയില്ലാത്തതാണ്.

5. പരാതിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം നൽകുന്നതിന് പകരം പരാതിക്കാരന്റെ സർവ്വീസ് റെഗുലറൈസ് ചെയ്യുന്നതിനും കുടിശ്ശികയും അവസാന ശമ്പളവും മാറി നൽകുന്നതിനുമുള്ള നടപടിയാണ് എതൃകക്ഷി കൈകൊണ്ടത്. ഇതുമൂലമാണ് പരാതിക്കാരന്റെ അപേക്ഷ തീർപ്പാക്കുന്നതിന് കാലതാമസമുണ്ടായതെന്ന് കമ്മിഷൻ നിരീക്ഷിച്ചു. അപേക്ഷ തീർപ്പാക്കി മറുപടി നൽകുന്നതിനുള്ള കാലതാമസത്തിന് മതിയായ കാരണമില്ലെങ്കിൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പ് പ്രകാരം പിഴ ശിക്ഷാ നടപടികൾ കൈകൊള്ളേണ്ടതാണ്. ഇവിടെ, പരാതിക്കാരന്റെ അപേക്ഷ തീർപ്പാക്കുന്നതിനുള്ള കാലതാമസം എതൃകക്ഷിയുടെ ഭാഗത്തു നിന്നുണ്ടായ ബോധപൂർവ്വമായ പ്രവൃത്തിമൂലമായിരുന്നില്ലെന്ന് കമ്മിഷൻ നിരീക്ഷിച്ചു. പരാതിക്കാരന്റെ സർവ്വീസ് റെഗുലറൈസ് ചെയ്ത് പരാതിക്കാരന് നൽകാനുള്ള കുടിശ്ശിക നൽകുകയെന്ന സദുദ്ദേശത്തോടുകൂടിയാണ് എതൃകക്ഷി പ്രവൃത്തിച്ചതെന്ന് കമ്മിഷൻ നിരീക്ഷിച്ചു.

6. മേൽ പറഞ്ഞ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പരാതിയിൽ മേൽ നടപടിയും എതൃകക്ഷിക്കെതിരെ ആരംഭിച്ച പിഴ ശിക്ഷാനടപടികളും അവസാനിപ്പിച്ചുകൊണ്ട് കമ്മിഷൻ ഇതിനാൽ ഉത്തരവാകുന്നു.

ഇന്നേ ദിവസം 2009 ജനുവരി മാസം 14-ാം തീയതി കമ്മിഷൻ ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.